**QP CODE: 20000689**

20000689

**Reg No** : ....................

**Name** : ....................

# M A DEGREE (CSS) EXAMINATION , NOVEMBER 2020

## Second Semester

M A MALAYALAM

## CORE - ML010201 - AADHUNIKA MALAYALA KAVITHA - ONNAAM GHATTAM

2019 Admission Onwards

DA8589AB

Time: 3 Hours

Weightage: 30

### I. എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. 'പാടത്തിൻകരെ നീളെനീലനിറമായ് ' എന്ന മുക്തകത്തിന്റെ രചനാപരമായ സവിശേഷതകൾ വിവരിക്കുക.
2. "പള്ളിയോ ടു പള്ളിനിരന്നിങ്ങുവന്നിട്ടും
   വ്യത്യാസം മാറിഞാൻ കാണുന്നില്ലകേട്ടോ " - സൂചിതമെന്ത്?
3. മലയാളത്തിലെ കാല്പനിക കാവ്യങ്ങളെ പരിചയപ്പെടുത്തുക.
4. കുമാരനാശാന്റെ കാവ്യശൈലിയുടെ സവിശേഷതകൾ വിവരിക്കുക.
5. മിസ്റ്റിസിസത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?
6. പാടം ജീവിതമാകുന്ന കണ്ണീർപ്പാടമായി മാറുന്നതെങ്ങനെ?
7. "അതോടുമങ്ങോട്ട തോടുമിങ്ങോ
   ട്ടാ പീനസ്തന മകിടുലയെ!"- എന്തിനെക്കുറിച്ചാണു പരാമർശം?
8. പ്രതികവിതയുടെ പ്രത്യേകതകൾ എന്തെല്ലാം?
9. "ഇക്കൈയിൽ തഴമ്പില്ലെന്നറിഞ്ഞേൻ, നിനക്കില്ല
   നിൽക്കുവാൻ പുതുമണ്ണിലിരുകാലടിമണ്ണും
   അതിനാലോടുന്നു ഞാൻ "ആശയം വ്യക്തമാക്കുക.
10. 'പാലപൂത്തു' എന്ന കവിതയുടെ സാംസ്കാരികപ്രസക്തി എന്ത്

(8×1= 8 weightage)

### II. ആറു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

11. മലയാളത്തിലെ ആദ്യത്തെ റൊമാൻറിക് കാവ്യമാണ് മലയവിലാസം - കവിത വിശകലനം ചെയ്ത് സ്വാഭിപ്രായം എഴുതുക.

12. മറ്റ് മഹാകാവ്യങ്ങളിൽ നിന്ന് ശ്രീയേശു വിജയം മഹാകാവ്യത്തിനുള്ള സവിശേഷതകൾ എന്തെല്ലാം? വിമർശനാത്മകമായി പരിശോധിക്കുക.

13. പാശ്ചാത്യ സ്വാധീനം മലയാള സാഹിത്യത്തിൽ കർത്തൃത്വത്തിലും മൂല്യബോധത്തിലും വരുത്തിയ മാറ്റങ്ങൾ വിലയിരുത്തുക.

14. പള്ളത്തുരാമന്റെ കാവ്യരചനയുടെ സവിശേഷതകൾ മുന്നണിയിലേക്ക് എന്ന കവിതയെ മുൻനിർത്തി ഉപന്യസിക്കുക.

15. വിഷാദാത്മകതയാണ് ചങ്ങമ്പുഴക്കവിതകളുടെ മുഖമുദ്ര - വിശകലനം ചെയ്ത് സ്വാഭിപ്രായം രേഖപ്പെടുത്തുക.

16. മിത്തിന്റെനവവാഖ്യാനം എന്നനിലയിൽ മഴുവിന്റെകഥ എന്നകാവ്യത്തിന്റെ സവിശേഷതകൾ വിവരിക്കുക.

17. എൻ.വി കൃഷ്ണവാര്യരുടെ കാവ്യരചനാ സവിശേഷതകൾ ആഫ്രിക്ക എന്ന കവിതയെ മുൻനിർത്തി വിവരിക്കുക.

18. കവിതയെ സാമൂഹികപരിവർത്തനത്തിനുള്ള പടവാളാക്കി മാറ്റിയ ശക്തി ധനനായ കവിയാണ് വയലാർ രാമവർമ്മ - വിലയിരുത്തുക.

(6×2= 12 weightage)

**III. രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

19. നിയോക്ലാസ്സിക് പാരമ്പര്യത്തിനു ശേഷം കവിതാ സാഹിത്യത്തിൽ രൂപം കൊണ്ട പുതിയ കാവ്യസങ്കേതങ്ങൾ മലയാളസാഹിത്യത്തിന് നൽകിയ സംഭാവനകൾ നിരൂപണാത്മകമായി വിലയിരുത്തുക.

20. നവോത്ഥാന മൂല്യങ്ങളെ ഉയർത്തിപ്പിടിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി സഹോദരനയ്യപ്പന്റെ കൃതികളെ വായിച്ചെടുക്കാം. ധർമ്മം എന്ന കൃതിയെ മുൻനിർത്തി വിചിന്തനം ചെയ്യുക.

21. ഭാവകവിതകളുടെചാരുതയും വികാരത്തുടിപ്പും സമഞ്ജസമായി മേളിച്ചുനിൽക്കുന്നതാണ് വള്ളത്തോൾ കവിതകൾ - വിമർശന ദൃഷ്ട്യാ പരിശോധിക്കുക.

22. ഉള്ളൂർക്കവിതകളുടെ രൂപപരവുംപ്രമേയപരവുമായ സവിശേഷതകൾ 'ചിത്രശാല'യെ മുൻനിർത്തി ഉപന്യസിക്കുക.

(2×5= 10 weightage)